പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1368.

08.02.2013 ൽ മറുപടിക്ക്

**മത്സ്യബന്ധനത്തിന് സബ്സിഡി നിരക്കിൽ മണ്ണെണ്ണ അനുവദിക്കാൻ നടപടി**

| **ചോദ്യം** | | **ഉത്തരം** |
| --- | --- | --- |
| ശ്രീ. ജി. സുധാകരൻ : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) മത്സ്യബന്ധന യാനങ്ങൾക്ക് നല്കുന്ന മണ്ണെണ്ണയുടെ അളവ്, വില എന്നിവ വ്യക്തമാക്കാമോ ; | (എ) | മത്സ്യഫെഡ്, സിവിൽ സപ്ലൈസ്, ഫിഷറീസ് വകുപ്പുകൾ സംയുക്തമായി നടത്തുന്ന പരിശോധനയുടെ അടിസ്ഥാനത്തിൽ യോഗ്യമായ എഞ്ചിനുകൾക്ക് പ്രതിമാസം 10 എച്ച്.പി.വരെയുള്ളവർക്ക് 129 ലിറ്റർ, 10 എച്ച്.പി.യ്ക്കും 15 എച്ച്.പിയ്ക്കും ഇടയിൽ 136 ലിറ്റർ, 15 എച്ച്.പിയ്ക്ക് മുകളിൽ 188 ലിറ്റർ എന്ന നിരക്കിലാണ് മണ്ണെണ്ണ പെർമിറ്റ് അനുവദിച്ചു നൽകി വരുന്നത്. ഇതിനായി 2525 കി. ലിറ്റർ പി.ഡി.എസ്. മണ്ണെണ്ണ നൽകിവരുന്നു. സബ്സിഡി നിരക്കിലുള്ള മണ്ണെണ്ണയുടെ ഇപ്പോഴത്തെ വില ലിറ്ററിന് 16.50/17.00 (സോൺ അടിസ്ഥാനത്തിൽ) രൂപയാണ്. |
| (ബി) കഴിഞ്ഞ 15 വർഷമായി മത്സ്യബന്ധനയാനങ്ങൾക്ക് നല്കുന്ന മണ്ണെണ്ണയുടെ അളവിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ; | (ബി) | മത്സ്യബന്ധന യാനങ്ങൾക്ക് 2532 കി.ലി. മണ്ണെണ്ണ നൽകിയിരുന്നത്, 2012 ഏപ്രിൽ മാസം മുതൽ മണ്ണെണ്ണ വിഹിതം ക്രമാതീതമായി കുറഞ്ഞ സാഹചര്യത്തിൽ 2525 കി.ലിറ്ററായി കുറച്ചിട്ടുണ്ട്. എന്നാൽ കാർഡുടമകൾക്ക് നൽകുന്ന വിഹിതത്തിൽ കുറവ് വരുത്തിയപ്പോഴൊന്നും മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിഹിതത്തിൽ കാര്യമായ കുറവുണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | മത്സ്യബന്ധനത്തിന് മണ്ണെണ്ണയ്ക്ക് പ്രത്യേക അലോട്ട്മെന്റ് അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നല്കുമോ ? | (സി) | ഇതു സംബന്ധിച്ച് ഭക്ഷ്യ പൊതു വിതരണ വകുപ്പിൽ നിന്നും ആവശ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ